# 'പ്രകൃതിയെ കീഴടക്കിയ'തിന്റെ പ്രത്യാഘാതങ്ങൾ

**ആധുനികശാസ്ത്രവും** അതിന്റെ പ്രയോഗവും വരുത്തിത്തീർത്തിട്ടുള്ള പ്രതിസന്ധിക്ക് ധാർമികമായ-സാമൂഹികവും മാനുഷികവുമായ- കാരണങ്ങളുണ്ട്. സാങ്കേതികവിദ്യയും ശാസ്ത്രവും യുദ്ധത്തിന് സമഗ്രസ്വഭാവം നൽകിയത് പ്രശ്നത്തെ രൂക്ഷമാക്കിയിരിക്കുന്നു. പ്രതിസന്ധി ഗുരുതരമാണ്; അതിനെ ഗുരുതരമാക്കിയതോ, ചില അടിസ്ഥാനതത്ത്വങ്ങളുടെ നിരാസവും.

ഇന്നത്തെ നാഗരികലോകം എന്തോ ഒന്നിന്റെ കുറവിനെപ്പറ്റി ബോധവാന്മാരാണ്. ജീവസ്സുറ്റ പ്രകൃതിയെ ഒഴിവാക്കി, ആ സ്ഥാനത്ത് കൃത്രിമമായ ഒരു പരിസ്ഥിതിയെ സ്ഥാപിച്ചതാണ് ഇതിനു കാരണം. മതവിശ്വാസികൾ വരെ പ്രകൃതിയുടെ ആത്മീയ പ്രാധാന്യത്തെപ്പറ്റി അജ്ഞരായിപ്പോയിരിക്കുന്നു[1]. പ്രകൃതിമണ്ഡലം നിരർഥകമായ ഒരു 'വസ്തു' വായിരിക്കുന്നു. ഇതോടെ, അസ്തിത്വത്തിന്റെ സുപ്രധാനവശം നഷ്ടപ്പെട്ട ശൂന്യതാബോധം മനുഷ്യരെ മഥിക്കുന്നു. ഈ ശൂന്യത പലപ്പോഴും അക്രമാസക്തവും ഹിംസാത്മകവുമായ രീതികളിൽ പ്രത്യക്ഷമാകുന്നു. 'പ്രകൃതിയെ കീഴടക്കൽ' എന്ന ആശയം മതനിരാസത്തിന്റേതാണ്; അതാകട്ടെ നിലനിൽപിനെത്തന്നെ ചോദ്യം ചെയ്യുന്നു[2]. 'പ്രകൃതിയെ കീഴടക്കിയ'തിന്റെ സാമ്പത്തികാനുബന്ധമായ 'പുരോഗതി', മണലിൽ കെട്ടിപ്പൊക്കിയ കോട്ടയാണെന്ന് മനുഷ്യൻ മനസ്സിലാക്കിത്തുടങ്ങുന്നു; പ്രകൃതിക്കുമേൽ മനുഷ്യൻ നേടിയ 'വിജയ'ത്തെ നിഷ്പ്രഭമാക്കുന്ന അസന്തുലിതത്വം പ്രകൃതിയും മനുഷ്യനും തമ്മിൽ ഉണ്ടായിരിക്കുന്നു.

പ്രകൃതിയുടെ ദിവ്യഭാവമാണ് ചോർന്നുപോയിരിക്കുന്നത്. തനിക്ക് ഉപകരിക്കുകയും ഒപ്പം തന്റെ ഉത്തരവാദിത്വത്തിൽ നിൽക്കുകയും ചെയ്യുന്ന ഭാര്യയെപ്പോലെയായിരിക്കണം പ്രകൃതി മനുഷ്യന്. എന്നാൽ ഇന്ന് അവളൊരു വേശ്യയെപ്പോലെയായിരിക്കുന്നു-ചുമതലാബോധമോ ഉത്തരവാദിത്വമോ ഉണർത്താത്ത വെറുമൊരു ഉപഭോഗവസ്തു; വ്യഭിചരിക്കപ്പെട്ട് വ്യഭിചരിക്കപ്പെട്ട്, ഇനി ആസ്വാദനം നൽകാൻ കഴിയാത്ത ചണ്ടി.

ജനപ്പെരുപ്പം മൂലം 'ശ്വസിക്കാനിടം' ഇല്ലാതായി നഗരജീവിതം വഴിമുട്ടുന്നു. പ്രകൃതിവിഭവങ്ങൾ ഉപഭോഗിച്ചുതീരുന്നു. യന്ത്രങ്ങൾ പരിസ്ഥിതിയെ ഞെക്കിക്കൊല്ലുന്നു. മാനസികരോഗങ്ങൾ വർധിക്കുന്നു. എല്ലാം 'പ്രകൃതിയെ കീഴടക്കിയ'തിന്റെ പ്രത്യാഘാതങ്ങൾ[3]. ബാഹ്യപ്രകൃതിയെ മാത്രം ഉൾക്കൊണ്ടുള്ളതാണ് ഈ 'കീഴടക്കൽ' മനോഭാവം; അത് മനുഷ്യനിലെ ഹിംസാത്മകതയെ കയറൂരിവിടുന്നു. യുദ്ധവിപത്ത് ഇത്ര തീക്ഷ്ണമായത് അങ്ങനെയാണ്. പ്രകൃതിയെക്കുറിച്ച ഭൗതികസങ്കൽപം, പ്രകൃതിയെ ജയിച്ചടക്കിയെന്ന ഭാവം- ഇത് രണ്ടിനോടും ആർത്തി കൂടി ചേർന്നപ്പോൾ മനുഷ്യൻ പരിസ്ഥിതിയെ ചൂഷണം ചെയ്യുകയായി. സാമ്പത്തിക പുരോഗതിക്കായുള്ള സാമ്പത്തിക പുരോഗതി എന്ന പേക്കിനാവിലേക്ക് അവൻ അങ്ങനെ എത്തുന്നു.

പ്രകൃതിയെ കീഴ്പ്പെടുത്താൻ മനുഷ്യൻ ആഗ്രഹിക്കുന്നത് സാമ്പത്തിക ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രമല്ല താനും. പണ്ട് പ്രകൃതിയുമായുണ്ടായിരുന്ന ആത്മീയബന്ധത്തിന്റെ ശേഷിപ്പായി ഒരു ഗൂഢ പരിവേഷം പ്രകൃതിയിൽ ഇന്നുമുണ്ട്. അത് സ്വന്തമാക്കാൻ അവൻ ആഗ്രഹിക്കുന്നു. ആത്മീയ ഔന്നത്യം പ്രാപിക്കാതായതോടെ മനുഷ്യൻ പർവതശിഖരങ്ങൾ കീഴടക്കുന്ന ശ്രമത്തിലായി[4]. ഏറെ പണിപ്പെട്ട് കൊടുമുടി കയറിയാൽ അതിന്റെ ഗാംഭീര്യം മുഴുവൻ സ്വായത്തമാക്കാമെന്നാണ് വിചാരം. സ്വർഗാരോഹണമെന്ന അനുഭവം ലഭ്യമല്ലെന്നു ചിന്തിക്കുന്നവൻ ശൂന്യാകാശത്തേക്ക് പറന്ന് വാനാധിപത്യം സ്ഥാപിക്കാൻ നോക്കുന്നു. പ്രകൃതിയെ ഇങ്ങനെ ജയിച്ചടക്കുമ്പോൾ ജേതാവിന്റെ വില കൂടി ഇടിയുന്നുണ്ട്; അവന്റെ നിലനിൽപ് ചോദ്യം ചെയ്യപ്പെടുന്നുമുണ്ട്.

ശാസ്ത്ര, സാങ്കേതികവിദ്യകളുടെ മൂല്യം തീരുമാനിക്കേണ്ടത് മനുഷ്യനാണ്. പകരം മനുഷ്യന്റെ മൂല്യം ഈ മനുഷ്യസൃഷ്ടികൾ നിർണയിക്കുകയാണിന്ന്. അവന്റെ വില തിട്ടപ്പെടുത്തുന്ന അളവുകോലുകളാണവ[5]. ഇതിനെതിരെ പരിസ്ഥിതിവാദികളും പ്രകൃതിസ്നേഹികളും ഉയർത്തുന്ന പ്രതിഷേധമാകട്ടെ യുക്തിസഹമെന്നതിനു പകരം വൈകാരികമായിപ്പോകുന്നു. ദൈവികശാസ്ത്രജ്ഞരോ, 'ശാസ്ത്രീയ മനഃസ്ഥിതി'ക്ക് അലോസരമുണ്ടാക്കുമെന്ന ചിന്തയിൽ അറച്ചു നിൽക്കുകയും ചെയ്യുന്നു. വല്ലപ്പോഴും ഒരു ഒറ്റപ്പെട്ട സ്വരം കേട്ടെങ്കിലായി[6].

പ്രകൃതിയിൽനിന്ന് ദൈവദർശനത്തെ അറുത്തുമാറ്റിക്കൊണ്ടുള്ള 'മതേതര'(മതനിരാസ)പ്രകൃതിവിജ്ഞാനീയം ഇന്ന് സാക്ഷാൽ ശാസ്ത്രമായി അവതരിപ്പിക്കപ്പെടുന്നു[7]. അതേസമയം ശാസ്ത്രസിദ്ധാന്തങ്ങളുടെ ജനകീയ രൂപങ്ങൾ മതദർശനങ്ങളെ ആധാരമാക്കുന്നുണ്ട്. ശാസ്ത്രജ്ഞനും സാധാരണക്കാരനും തമ്മിലുള്ള അകൽച്ച, ശാസ്ത്ര സിദ്ധാന്തങ്ങളും അവയുടെ ജനകീയരൂപങ്ങളും തമ്മിലുള്ള പൊരുത്തക്കേടിൽ പ്രതിഫലിക്കുന്നു[8].

ശാസ്ത്രത്തെ മനസ്സിലാക്കുന്നതിലെന്നപോലെ അതിനെ പ്രയോഗിക്കുന്നിടത്തും പ്രതിസന്ധിയുണ്ട്. മനുഷ്യനും

പ്രകൃതിയും തമ്മിലുള്ള പൊരുത്തം തകർക്കപ്പെട്ടിട്ടുണ്ടെന്ന് ഒട്ടെല്ലാ പേരും സമ്മതിക്കും. എന്നാൽ ഈ അസന്തുലിതത്വം മനുഷ്യനും ദൈവവും തമ്മിലുള്ള പൊരുത്തം തകർന്നതിന്റെ ഫലമാണെന്ന് എല്ലാവരും മനസ്സിലാക്കുന്നില്ല. എല്ലാ വിജ്ഞാനങ്ങളുമായുള്ള ബന്ധം ആ പൊരുത്തത്തിലുൾപ്പെടുന്നു.

## വീക്ഷണത്തിലെ പരിമിതി

അനാധുനികനായ (അയാൾ പ്രാചീനനോ സമകാലീനനോ ആവട്ടെ) മനുഷ്യനെ സംബന്ധിച്ചേടത്തോളം പ്രപഞ്ച പദാർഥത്തിനുതന്നെയുണ്ട് ദിവ്യമായ ഒരു വശം. പ്രപഞ്ചം മനുഷ്യനുമായി സംവദിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ സർവ പ്രതിഭാസങ്ങളും സാരഗർഭമാണ്. വിശ്വമണ്ഡലം ഒരേസമയം മറച്ചുവെക്കുകയും തുറന്നുകാട്ടുകയും ചെയ്യുന്ന ഒരു യാഥാർഥ്യത്തിന്റെ പ്രതീകങ്ങളാണവ. പ്രപഞ്ചത്തിന്റെ ഘടനയിൽതന്നെയുണ്ട് മനുഷ്യനുള്ള ഒരു ആധ്യാത്മികസന്ദേശം. അതിനാൽതന്നെ, മതത്തിന്റെ അതേ പ്രഭവകേന്ദ്രത്തിൽനിന്ന് പുറപ്പെടുന്ന വെളിപാടാണ് പ്രപഞ്ചം. രണ്ടും ദൈവികപ്രജ്ഞയുടെ -വചനത്തിന്റെ- ആവിഷ്കാരങ്ങൾതന്നെ.

എന്നാൽ, ആധുനികശാസ്ത്രത്തിന്റെ സ്ഥിതിയോ? ആധുനിക പ്രകൃതിശാസ്ത്രങ്ങൾ ജന്മമെടുക്കണമെങ്കിൽ പ്രപഞ്ച പദാർഥത്തിൽനിന്ന് ദിവ്യത്വം ചോർത്തിക്കളഞ്ഞ് അതിനെ അദിവ്യമാക്കിക്കൊണ്ടേ പറ്റൂ. ആധുനിക ശാസ്ത്രത്തിന്റെ പ്രപഞ്ചദർശനം പ്രകൃതിയെയും പ്രകൃതിവസ്തുക്കളെയും നിർമതവത്കരിക്കാൻ സഹായിച്ചിട്ടുണ്ട്. അതോടെ പ്രകൃതിയിലെ പ്രതീകങ്ങൾ വെറും വസ്തുതകളായി- യാഥാർഥ്യത്തിന്റെ മറ്റു തലങ്ങളുമായി ബന്ധമറ്റ പരിമിതാസ്തിത്വങ്ങൾ മാത്രം. സുതാര്യമായിരുന്ന പ്രപഞ്ചം അതോടെ അതാര്യമായി. ആത്മീയമായി അത് അർഥശൂന്യമായി. പ്രകൃതിയെക്കുറിച്ചുള്ള ശാസ്ത്രീയ വീക്ഷണത്തിൽ സ്വയം നഷ്ടപ്പെട്ടവർക്ക് ഉൾക്കാഴ്ചയില്ലാതായി. പ്രകൃതി ശാസ്ത്രങ്ങളുടെ പ്രതീകാർഥം നഷ്ടമായി (പ്രപഞ്ചദ്രവ്യത്തിന്റെ സങ്കീർത്തനമെന്നു വിളിക്കാവുന്ന അൽക്കെമി പോലുള്ള പാരമ്പര്യ ശാസ്ത്രം, വിശുദ്ധഭാവം മുഴുവൻ ചോർന്ന് വസ്തുക്കളുടേതായ കെമിസ്ട്രി -രസതന്ത്രം-ആയി ചുരുങ്ങി). ആധുനിക ശാസ്ത്രത്തിന്റെ ലോകവീക്ഷണവും പ്രയോഗങ്ങളും പ്രതിസന്ധിക്കു കാരണമായത് ഇങ്ങനെയാണ്[9].

ആധുനിക ശാസ്ത്രത്തിന്റെ മറ്റൊരു പ്രത്യേകത അതിന്റെ പരിമാണപരതയാണ്- ഗുണത്തെ അളവിലേക്കും, ആധ്യാത്മികമായി പ്രധാനമായതിനെയെല്ലാം കേവല പദാർഥത്തിലേക്കും ചുരുക്കുന്ന സ്വഭാവം. ഭൗതികപ്രധാനമായ, പരിമാണപരമായ ശാസ്ത്രങ്ങളുടെ പ്രയോഗമാണ് വ്യവസായവത്കരണവും യന്ത്രവത്കരണവും സൃഷ്ടിച്ച ശ്വാസം മുട്ടിക്കുന്ന ചുറ്റുപാടിന് മുഖ്യ കാരണം. എന്തിനേറെ, അതിഭൗതികവും ആധുനികശാസ്ത്രങ്ങളെയടക്കം ഉൾക്കൊള്ളാവുന്നത്ര സമഗ്രവുമായ ഒരു പ്രപഞ്ചദർശനം ഇല്ലാത്തതുകൊണ്ട് സംഖ്യയുടെയും പരിമാണത്തിന്റെയും തന്നെ പ്രതീകാർഥത വിസ്മരിക്കപ്പെട്ടിരിക്കുന്നു. പിഥഗോറിയൻ-പ്ലാറ്റോണിക് സംഖ്യാസിദ്ധാന്തം മറ്റു പല പരമ്പരാഗത ശാസ്ത്രങ്ങളെയും പോലെ മുത്തശ്ശിക്കഥകളായി ചിത്രീകരിക്കപ്പെട്ടു.

പരിമാണപ്രധാനമായ പ്രകൃതിവിജ്ഞാനീയങ്ങൾക്ക് ഉചിതമായ സാഹചര്യത്തിൽ പ്രസക്തിയുണ്ടെന്നതിൽ തർക്കമില്ല. പക്ഷേ അവ മാത്രമാണ് സാധുതയുള്ള ഏക പ്രകൃതി ശാസ്ത്രസഞ്ചയം എന്ന് വന്നുപോയിരിക്കുന്നു. പ്രകൃതിയിലെയും പ്രപഞ്ചത്തിലെയും ക്രമത്തെ സംബന്ധിച്ച മറ്റെല്ലാ വിജ്ഞാനങ്ങളെയും ശാസ്ത്രപദവിയിൽനിന്ന് മാറ്റിക്കളഞ്ഞിരിക്കുന്നു. അവയെ വെറും വൈകാരികകൽപനയായോ അന്ധവിശ്വാസമായോ തള്ളിയിരിക്കുന്നു. അസ്തിത്വ മൂലത്തെപ്പറ്റിയുള്ള വിജ്ഞാനത്തെ തള്ളിപ്പറഞ്ഞുകൊണ്ടേ ആധുനിക ശാസ്ത്രത്തെ സ്വീകരിക്കാനാവൂ എന്നായിട്ടുണ്ട്. സർവ വസ്തുക്കളുടെയും ആധാരത്തെ സംബന്ധിച്ച അറിവ് ഉപേക്ഷിക്കാൻ തയാറുള്ളവർക്ക്, വസ്തുക്കളുടെ ആകസ്മികതയെക്കുറിച്ച് അറിവ് നൽകുകയാണ് ആധുനിക ശാസ്ത്രം ചെയ്തത്. പൂർണ ജീവിയാകുന്നതിനെതിരെ മനുഷ്യനു മുമ്പാകെ ഭീഷണിയൊരുക്കുന്നത് ഈ പരിമിതിയാണ്[10].

## പ്രപഞ്ചശാസ്ത്രത്തിന്റെ ദിവ്യവശം

ഈ വ്യാവർത്തക പ്രപഞ്ചവീക്ഷണം പ്രപഞ്ചശാസ്ത്രത്തെതന്നെ ശരിക്ക് മനസ്സിലാക്കാൻ തടസ്സമാകുന്നു. രൂപനിബദ്ധമായ യാഥാർഥ്യത്തിന്റെ സമസ്ത തലങ്ങളെക്കുറിച്ചുമുള്ള ശാസ്ത്രമാണ് പ്രപഞ്ചശാസ്ത്രം; ഭൗതികതലം അതിന്റെ ഒരു വശം മാത്രം. വാസ്തവത്തിൽ വെളിപാടിനോടും അതിഭൗതികജ്ഞാനത്തോടും ബന്ധമുള്ള ഒരു ദിവ്യശാസ്ത്രമാണത്. ഇന്ന് പ്രപഞ്ചശാസ്ത്രം എന്നൊന്നില്ല. മൂലാർഥം നഷ്ടപ്പെട്ട ഒരു പദാനുകരണം മാത്രമാണ് 'ആധുനിക പ്രപഞ്ചശാസ്ത്രം'. കേവലം ഭൗതികവും പഞ്ചഭൂതപ്രധാനവുമായ ഒരു പ്രപഞ്ചശാസ്ത്രം, അത് എത്രതന്നെ താരപംക്തികളിലേക്കുയർന്നു ചെന്നാലും, യഥാർഥ പ്രപഞ്ചശാസ്ത്രമാവില്ല. ദിനേന മാറിക്കൊണ്ടിരിക്കുന്ന, വ്യക്തിഗതമായ അനുമാനങ്ങളിലാണല്ലോ അത് കെട്ടിപ്പടുത്തിട്ടുള്ളത്. പാശ്ചാത്യലോകത്തുനിന്ന് യഥാർഥ പ്രപഞ്ചശാസ്ത്രം തിരോഭവിച്ചതിനു കാരണം അതിഭൗതികശാസ്ത്രത്തെ അവഗണിച്ചതാണ്. ഒന്നുകൂടി എടുത്തു പറഞ്ഞാൽ, ഉണ്മയുടെയും ജ്ഞാനത്തിന്റെയും ശ്രേണികൾ വിസ്മരിച്ചതാണ്. യാഥാർഥ്യത്തിന്റെ ബഹുമുഖതലങ്ങളെ കേവലം മാനസികവും ശാരീരികവുമായ ഒരൊറ്റ പ്രക്രിയാതലമാക്കി ചുരുക്കിക്കളഞ്ഞു- ഒരു പ്രകൃതിദൃശ്യത്തിന്റെ മൂന്നാം മാനം നീക്കിക്കളഞ്ഞപോലെ. ഇങ്ങനെ, വെറും ഭൗതികപദാർഥ സംബന്ധിയായി പ്രപഞ്ചവിജ്ഞാനം തരംതാണു.

വിജ്ഞാനത്തിന്റെ വിവിധ തലങ്ങൾ തമ്മിലുള്ള യോജിപ്പിന്റെയും, യാഥാർഥ്യത്തിന്റെ വ്യത്യസ്ത തട്ടുകൾക്കിടയിലുള്ള പൊരുത്തത്തിന്റെയും അടിത്തറയിലാണ് പ്രാചീന-മധ്യകാല ശാസ്ത്രങ്ങൾ പടുത്തുയർത്തിയിരുന്നത്. എന്നാൽ യാഥാർഥ്യത്തിന്റെ ശ്രേണിയെക്കുറിച്ചുള്ള സങ്കൽപങ്ങൾ തകർന്നതോടെ വിജ്ഞാനത്തിന്റെയും യാഥാർഥ്യത്തിന്റെയും വ്യത്യസ്ത തലങ്ങൾക്കിടയിലുള്ള ബന്ധം അപ്രത്യക്ഷമായി. ആ ബന്ധമായിരുന്നുവല്ലോ പ്രാക്തന ശാസ്ത്രവിജ്ഞാനീയങ്ങളുടെ അടിത്തറ. അത് ശിഥിലമായപ്പോൾ സ്വാഭാവികമായും ശാസ്ത്രങ്ങൾ അകക്കാമ്പില്ലാത്ത പുറംപൂച്ചുകളായി.

അതേപോലെ, അതിഭൗതികതയെ യുക്തിവാദത്തിലധിഷ്ഠിതമായ തത്ത്വശാസ്ത്രമായും തരംതാഴ്ത്തിയിരിക്കുന്നു. ഈ തത്ത്വശാസ്ത്രം തന്നെയും ക്രമേണ ആധുനികശാസ്ത്രങ്ങളുടെ അനുബന്ധം മാത്രമായിത്തീർന്നിട്ടുണ്ട്. എന്തിനേറെ, ശാസ്ത്രങ്ങളുടെ നടപടിക്രമങ്ങളെ വിശദീകരിക്കാനും അവയുടെ യുക്തിപരമായ പരസ്പരബന്ധം വ്യക്തമാക്കാനും മാത്രമായുള്ളതായിട്ടാണ് ചിലർ തത്ത്വശാസ്ത്രത്തെ കാണുന്നത്. യുക്തി അതിന്റെ തന്നെ സൃഷ്ടിയായ ശാസ്ത്രത്തെ അഭിമുഖീകരിക്കേ അനുവർത്തിക്കപ്പെടേണ്ട സ്വതന്ത്രമായ ഗുണദോഷവിചാരം അപ്രത്യക്ഷമായിപ്പോയിരിക്കുന്നു. ഫലമോ, മനുഷ്യമനസ്സിന്റെ ഈ സന്താനം മാനുഷികമൂല്യങ്ങളുടെ വിധികർത്താവും സത്യത്തിന്റെ മാനദണ്ഡവുമായിരിക്കുന്നു. ആധുനികശാസ്ത്രത്തിന്റെ ഉത്തരവുകൾക്കായി തത്ത്വശാസ്ത്രത്തെ കാത്തുനിർത്തുന്നവർ ഓർക്കുന്നില്ല, പതിനേഴാം നൂറ്റാണ്ടിലെ ശാസ്ത്രവിപ്ലവം തന്നെ ഒരു പ്രത്യേക തത്ത്വചിന്താപരമായ നിലപാടിന്റെ സൃഷ്ടിയായിരുന്നുവെന്ന്.

ഇന്ന് യാഥാർഥ്യത്തെയും സ്ഥല-കാല-പദാർഥങ്ങളെയും പറ്റി ചില നിഗമനങ്ങളുണ്ടാക്കുന്നത് സാക്ഷാൽ ശാസ്

ത്രമല്ല. മുമ്പൊരിക്കൽ ഈ നിഗമനങ്ങൾ ഉണ്ടാവുകയും അവയെ ആധാരമാക്കി ഒരു ശാസ്ത്രം നിലവിൽവരികയും ചെയ്തതാണ്. പക്ഷേ, പിന്നീടവയെ സൗകര്യപൂർവം വിസ്മരിക്കുകയാണ് ചെയ്തത്; ആധുനികശാസ്ത്രത്തിന്റെ -പ്രത്യേകിച്ച് ഭൗതികശാസ്ത്രത്തിന്റെ- പ്രാധാന്യത്തെപ്പറ്റി ഇന്നത്തെ ശാസ്ത്രജ്ഞർക്കും തത്ത്വചിന്തകർക്കുമുള്ള വീക്ഷണങ്ങളെപ്പറ്റിയും പറയേണ്ടതുണ്ട്. നാമിഷ്ടപ്പെട്ടാലുമില്ലെങ്കിലും അത്തരം വീക്ഷണങ്ങളാണല്ലോ ഇന്ന് പ്രകൃതിയെക്കുറിച്ച പൊതുജനസങ്കൽപത്തെ ഏറിയ കൂറും നിശ്ചയിക്കുന്നത്. അതുകൊണ്ടുതന്നെ ആ വീക്ഷണങ്ങൾ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ആധാരഘടകങ്ങളാണ്. ■

(*മനുഷ്യനും പ്രകൃതിയും* എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഭാഗത്തിന്റെ സ്വതന്ത്ര വിവർത്തനം)

**വിവ: യാസീൻ അശ്റഫ്**

അടിക്കുറിപ്പുകൾ

1. "ക്രൈസ്തവർക്കിടയിൽ മതാനുഭൂതിക്ക് പ്രപഞ്ചവുമായുള്ള ബന്ധം അറ്റിരിക്കുന്നു- അത് അവർക്കൊരു സ്വകാര്യാനുഭവം മാത്രം. മനുഷ്യനും അവന്റെ ദൈവവും തമ്മിലുള്ള പ്രശ്നം മാത്രമായിരിക്കുന്നു മോക്ഷം.... സത്യക്രിസ്ത്യാനിക്കു പോലും ലോകം ദൈവത്തിന്റെ കൃതിയായി അനുഭവപ്പെടാത്ത പോലെ" Eliade, *The Sacred and the Profane*, New York, 1959

2. പ്രകൃതിയുമായുള്ള ഏറ്റുമുട്ടൽ, പ്രകൃതിയെ കീഴ്പ്പെടുത്തൽ എന്നിവ സൃഷ്ടിക്കുന്ന പ്രതിസന്ധിയെപ്പറ്റി അനേകം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു നൂറ്റാണ്ടിനപ്പുറത്ത് വില്യം മോറിസ്, ജോൺ റസ്കിൻ തുടങ്ങിയവരും പിന്നീട് ലൂയിസ് മംഫഡ്, ജോസഫ് വുഡ്ക്രച്ച് മുതലായവരും എഴുതിയിട്ടുണ്ട്.

3. "യന്ത്രത്തെ സൃഷ്ടിച്ച മനുഷ്യൻ ഒടുക്കം അതിന്റെ ഇരയായിത്തീരുന്നു." Schuon, *Spiritual Perspectives and Human Facts*, London, 1953.

4. Pallis, *The Way and the Mountain*, London, 1960

5. ".... മനുഷ്യൻ ആരാണ്, ബുദ്ധി എന്താണ്, സത്യമെന്താണ് എന്നൊക്കെ ഇനിയങ്ങോട്ട് നിശ്ചയിക്കുക മനുഷ്യമനസ്സല്ല മറിച്ച് യന്ത്രങ്ങളാണ്- അല്ലെങ്കിൽ ഊർജതന്ത്രമോ രസതന്ത്രമോ ജീവശാസ്ത്രമോ ഒക്കെയാണ്. മനുഷ്യമനസ്സ് കൂടുതൽ കൂടുതൽ അതിന്റെ തന്നെ സൃഷ്ടികൾ ഉണ്ടാക്കുന്ന 'കാലാവസ്ഥ'യെ ആശ്രയിക്കുന്നു." Schuon, *Understanding Islam*, London, 1963. നാം ഇന്നു കൈക്കൊണ്ടിരിക്കുന്ന മൂല്യങ്ങൾ ശാസ്ത്രവിപ്ലവത്തിന്റെ സൃഷ്ടിയെന്ന് ജെ. ബ്രൊണോവ്സ്കി. Bronowski, *Science and Human Values*, New York, 1965.

6. "ദൈവത്തിന്റേതായ ഈ പ്രപഞ്ചത്തിന്റെ കൈകാര്യകർതൃത്വം മനുഷ്യൻ ദുരുപയോഗപ്പെടുത്തിയിരിക്കുന്നു. തന്റെ ശാസ്ത്രജ്ഞാനം ദൈവഹിതപ്രകാരം ബുദ്ധിപൂർവകമായി ഉപയോഗിക്കുന്നതിനു പകരം അവൻ പ്രകൃതിയെ ചൂഷണം ചെയ്യാനാണ് ഉപയോഗിച്ചിട്ടുള്ളത്." Yarnold, *The Spiritual Crisis of the Scientific Age*, New York, 1959.

7. ഇന്ന് നിലവിലുള്ള ശാസ്ത്രം, സാധ്യമായ ഒരേയൊരു ശാസ്ത്രമെന്ന് സ്വയം കരുതുന്നു; ഇത് തെറ്റാണ്. Northbourne, 'Pictures of the Universe' *Tomorrow*, Autumn, 1964. "ശാസ്ത്രമാണ് പ്രകൃതിയെ മനസ്സിലാക്കാനുള്ള ഏക ഉപാധി എന്ന ധാരണ വരുന്നതിനു മുമ്പ് പ്രപഞ്ചവീക്ഷണത്തിന്റെ സാധാരണ രീതിയായി നിലനിന്നിരുന്നത് പ്രകൃതിയിലൂടെ ദൈവത്തെ കാണലായിരുന്നു; അതാകട്ടെ ഒറ്റപ്പെട്ട അനുഭവവുമായിരുന്നില്ല." Sherwood Taylor, *The Four-fold Vision*, London, 1945.

8. ശാസ്ത്രജ്ഞർ തന്നെ ഇക്കാര്യം ഊന്നിപ്പറയാറുണ്ട്. ഓപ്പൻഹൈമർ എഴുതുന്നു: "ആപേക്ഷികതയെ(relativity) സാപേക്ഷതാവാദമായി (relativism) തെറ്റിദ്ധരിച്ച ചിന്തകരുണ്ട്. ഭൗതിക പ്രപഞ്ചത്തിന്റെ വസ്തുനിഷ്ഠതയെയും ദൃഢതയെയും ഭൗതിക നിയമാനുസാരിത്വത്തെയും ഐൻസ്റ്റൈൻ കൃതികൾ കുറച്ചുകാണിക്കുന്നതായി അവർ കരുതുന്നു. ഇത് ശരിയല്ല. വാസ്തവത്തിൽ ഐൻസ്റ്റൈൻ തന്റെ ആപേക്ഷികതാസിദ്ധാന്തങ്ങളിൽ കണ്ടത് സ്പിനോസയുടെ വീക്ഷണത്തിന്റെ സ്ഥിരീകരണമാണ്: വസ്തുനിഷ്ഠപ്രപഞ്ചത്തെയും അതിന്റെ നിയമങ്ങളെയും മനസ്സിലാക്കൽ മനുഷ്യന്റെ സമുന്നത ധർമമാണെന്ന് സ്പിനോസ വിശ്വസിച്ചു." Oppenheimer, *Science and the Common Understanding*, London, 1954.

9. "......പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച നമ്മുടെ ജ്ഞാനം ഒന്നുകിൽ പ്രതീകാർഥത്തിൽ സത്യമായിരിക്കണം, അല്ലെങ്കിൽ ഭൗതികമായി തികഞ്ഞതായിരിക്കണം. രണ്ടാമത്തേതാണെങ്കിൽ അത് പ്രതീകാത്മകമായ അതിന്റെ സുഗ്രാഹ്യത നിലനിർത്തണം. കാരണം അതില്ലെങ്കിൽ ശാസ്ത്രമപ്പാടെ നിരർഥകവും ഉപദ്രവകരവുമാകുന്നു." Schuon, *Light on the Ancient Worlds*, London, 1965.

10. "ശാസ്ത്രം സ്വയമേവ നിഷ്പക്ഷമാണ്. എങ്കിലും മനുഷ്യന്റെ കൈയിൽ അത് ജീർണതയുടെയും ഉന്മൂലനത്തിന്റെയും ബീജമാകുന്നു. സമഗ്രമായ ലോകവീക്ഷണത്തിൽ ശാസ്ത്രവസ്തുക്കളെ കോർത്തിണക്കാൻ കഴിയുംവിധം അസ്തിത്വത്തിന്റെ അടിസ്ഥാന സ്വഭാവത്തെക്കുറിച്ച് വേണ്ടത്ര പരിജ്ഞാനം മനുഷ്യനില്ല." Schuon, അതേ പുസ്തകം.